പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 532 — 6.3.2012-ൽ മറുപടിക്ക്

റിയാബിൻെറ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എ.അസീസ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| **(എ)** റിയാബിൻെറ പ്രവർത്തനത്തിലൂടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈവരിക്കാൻ കഴിഞ്ഞനേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | **(എ)** റിയാബിൻെറ പ്രവർത്തനത്തിലൂടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ കൈവരിച്ച നേട്ടങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| **(ബി)** പൊതുമേഖലാ സ്ഥാപനങ്ങളിലെ മേധാവികളെ തെരഞ്ഞെടുക്കുന്നതിന് റിയാബിൻെറ പ്രവർത്തനം വ്യക്തമാക്കുമോ; | **(ബി)** വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ചീഫ് എക്സിക്യൂട്ടീവ്സിനെ നിയമിക്കുന്നതിനായി ഒരു സെലക്ഷൻ കമ്മിറ്റി വകുപ്പ് തലത്തിൽ നിലവിലുണ്ട്. സർക്കാർ അനുമതിയനുസരിച്ച് കമ്പനികളുടെ മാനേജിംഗ് ഡയറക്ടേഴ്സിനെ തെരഞ്ഞെടുക്കുന്നതിനായുള്ള വിജ്ഞാപനം നൽകുക, അതിൻപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ക്രോഡീകരിച്ച് സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തെരഞ്ഞെടുപ്പ് പ്രക്രിയ നടത്തുന്നതിനായി സെലക്ഷൻ കമ്മിറ്റിയെ സഹായിക്കുക എന്നിവയാണ് RIAB-നിർവ്വഹിച്ചുവരുന്ന ചുമതലകൾ. ഇതിനുവേണ്ടി 2.12.2011 തീയതിയിലെ ജി.ഒ (ആർ.ടി) നം.1516/2011/വ്യവ പ്രകാരം രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയിലും അപേക്ഷകൾ ക്രോഡീകരിക്കുന്ന കമ്മിറ്റിയിലും RIAB പ്രതിനിധീകരിക്കുന്നുണ്ട്. |

(സി) റിയാബിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി) റിയാബിൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന മേഖലകളിൽ വികസന പരിപാടികൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു

1. Performance Planning & Monitoring
2. Enterprise Reconstruction/Re-engineering
3. Capacity Building
4. Governance Advisory Services

മേൽപ്പറഞ്ഞതു കൂടാതെ ബ്യൂറോ ഓഫ് പബ്ലിക് എൻറർപ്രൈസസുമായും(BPE) പബ്ലിക് എൻറർപ്രൈസസ് ബോർഡുമായും (PEB) സമന്വയിച്ച് പ്രവർത്തിക്കുന്നതിനുള്ള സാധ്യതകളും പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

A. വ്യവസായ വാണിജ്യ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി RIAB-മുഖേന നിർവ്വഹിച്ചുവരുന്ന നടപടികളുടെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണത്തിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- പൊതുമേഖലാസ്ഥാപനങ്ങൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന proposal - കൾ സർക്കാർ നിർദ്ദേശം അനുസരിച്ച് യഥാസമയം ധനസഹായമുൾപ്പെടെയുള്ള സഹായം ലഭ്യമാക്കിയിട്ടുണ്ട്.

  2000-01 മുതൽ 2011-12 വരെയുള്ള കാലയളവിൽ 670.94 കോടിയോളം രൂപയുടെ സഹായം സ്ഥാപനങ്ങൾക്കായി നൽകിയത് RIAB-ന്റെ ശുപാർശയുടെയും കൂടി അടിസ്ഥാനത്തിലായിരുന്നു [See Flag-A].

- പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാരിൽ നിന്നും മറ്റുള്ള ധനകാര്യസ്ഥാപനങ്ങളിൽനിന്നും ധനം ലഭ്യമാക്കുന്നതിനും അവയുടെ വിനിയോഗം സർക്കാർ തീരുമാനമനുസരിച്ച് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

- പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ വർഷത്തേയും പ്രവർത്തനം സംബന്ധിച്ച് ബജറ്റും പദ്ധതിയും നേരത്തെ തയ്യാറാക്കുന്നു. അത് കൈവരിക്കുന്നതിന്റെ പുരോഗതി മാസാമാസം അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

- സർക്കാർ ആവശ്യപ്പെടുന്നതനുസരിച്ച് കമ്പനികളിൽ വിവിധ തലത്തിൽ അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്.

- Chartered Accountants-ന്റെ പാനൽ ഉപയോഗിച്ച് സ്ഥാപനങ്ങളിൽ Performance Audit -കൾ നടത്തുകയും, Internal Audit സംവിധാനം മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

  സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ നിന്നു നൽകിയ ധനസഹായത്തിന്റെ വിനിയോഗം ഉറപ്പുവരുത്തുന്നതിനായി Performance Audit-കൾ RIAB- നടത്തിയിട്ടുണ്ട്.

- പൊതുമേഖലാസ്ഥാപനങ്ങളിൽ മാനവവിഭവശേഷി കാര്യക്ഷമമാക്കത്തക്ക വിധത്തിലുള്ള പരിശീലനപരിപാടികൾ RIAB ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇത് ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും, ചീഫ്

എക്സിക്യൂട്ടീവ്സിനും മറ്റ് ഉദ്യോഗസ്ഥർക്കും, ജീവനക്കാർക്കും പ്രയോജനപ്പെട്ടിട്ടുണ്ട്.

- കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവ്സിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക വഴി മാനേജ്മെൻറ് സംവിധാനം കാര്യക്ഷമമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

- 2007 മുതൽ മികച്ച പൊതുമേഖല സ്ഥാപനത്തിനെയും, മികച്ച Chief Executive Officer- നെയും തെരഞ്ഞെടുത്ത് അവാർഡുകൾ നൽകിവരുന്നു.

- പ്രവർത്തനം നിലച്ചുകിടക്കുന്ന സ്ഥാപനങ്ങളെ ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്

- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനപുരോഗതി ദേശീയ അന്തർദേശീയതലത്തിൽ വ്യാപിപ്പിക്കുവാനുള്ള ഉദ്ദേശ്യത്തോടുകൂടി "Resurgence" എന്ന പേരിൽ ഒരു quarterly news letter പ്രസിദ്ധീകരിക്കുന്നതിനുള്ള ചുമതല RIAB-ആണ് നിർവ്വഹിക്കുന്നത്.

- ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തിക്കുന്ന മില്ലുകൾക്കാവശ്യമായ പരുത്തി ലഭ്യമാക്കുന്നതിനു വേണ്ടി രൂപീകരിച്ച centralized cotton purchase committee മുഖേനയുള്ള ധനസഹായത്തിൻെറ വിനിയോഗവും RIAB- ആണ് മോണിട്ടർ ചെയ്യുന്നത്.

Ajith
സെക്ഷൻ ഓഫീസർ